കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 19 | 2018 |
| --- | --- |

ശബരിമല പത്രക്കുറിപ്പ്-1



മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

---

# ശരംകുത്തി എഴുന്നള്ളത്തോടെ മകരവിളക്കിനെഴുന്നള്ളത്തുകൾ സമാപിച്ചു

ശബരിമല: മകരവിളക്ക് മഹോത്സവത്തിന്റെ പ്രധാന ചടങ്ങുകളായ വിളക്കിനെഴുന്നള്ളത്തുകളും കളമെഴുത്തുപാട്ടും വ്യാഴാഴ്ച രാത്രി ശരംകുത്തിയിലേക്കുള്ള എഴുള്ളത്തോടെ സമാപിച്ചു. മണിമണ്ഡപത്തിൽനിന്ന് തുടങ്ങിയ എഴുന്നള്ളത്ത് പതിനെട്ടാംപടിക്ക് മുന്നിലൂടെയാണ് ശരംകുത്തിയിലേക്ക് നീങ്ങിയത്. ഉടുക്കു കൊട്ടി അയ്യപ്പചരിതം ഈണത്തിൽ ചൊല്ലിയ ശാസ്താംപാട്ടിൻെറയും വാദ്യമേളങ്ങളുടെയും തീവെട്ടികളുടെയും അകമ്പടിയോടെയായിരുന്നു ശരംകുത്തി എഴുന്നള്ളത്ത്. തിരിച്ചെഴുന്നള്ളത്ത് നിശ്ശബ്ദമായിട്ടായിരുന്നു.

മകരസംക്രമ ദിവസം മുതൽ അഞ്ചുദിവസമാണ് മാളികപ്പുറം മണിമണ്ഡപത്തിൽ കളമെഴുത്തും പാട്ടും അവിടെനിന്ന് വിളക്കിനെഴുന്നള്ളത്തുകളും നടന്നത്. നാലുദിവസം പതിനെട്ടാം പടിവരെയായിരുന്നു എഴുന്നള്ളത്ത്.

എല്ലാദിവസവും സന്ധ്യാ ദീപാരാധനയ്ക്ക് ശേഷമാണ് മണിമണ്ഡപത്തിൽ കളം വരയ്ക്കാൻ തുടങ്ങുക. അത്താഴപൂജയ്ക്ക് മുമ്പ് പൂർത്തിയാകും. അയ്യപ്പന്റെ വിവിധ ഭാവങ്ങളിലുള്ള രൂപങ്ങളാണ് കളത്തിൽ വരയ്ക്കുന്നത്. ചിന്മുദ്ര പ്രതിഷ്ഠ, പുലിവാഹനനായ അയ്യപ്പൻ, തിരുവാഭരണ വിഭൂഷി

തനായ അയ്യപ്പൻ എന്നിങ്ങനെ. ചുണ്ണാമ്പും കളിമണ്ണും ചേർത്തു ാക്കുന്ന ചെമന്നപൊടി, അരിപ്പൊടി, മഞ്ഞൾപ്പൊടി, വാകപ്പൊടി, ഉമിക്കരി എന്നിവ കൊ ാണ് വരയ്ക്കുന്നത്. കളമെഴുതുന്നതും പാട്ടുപാടുന്നതും ആചാരപ്രകാരം റാന്നി, കുന്നയ്ക്കാട്ട് കുറുപ്പന്മാരാണ്. ജെ അജിത്കുമാർ, ജെ ജയകുമാർ, ജെ രതീഷ്കുമാർ എന്നിവരാണ് ഇപ്പോൾ ഇത് നിർവഹിച്ചു പോരുന്നത്.

അത്താഴപൂജയ്ക്ക് ശേഷമാണ് വിളക്കിനെഴുള്ളത്ത്. പന്തളം കൊട്ടാരത്തിൽ നിന്നും തിരുവാഭരണത്തോടൊപ്പം കൊ ുവന്ന അയ്യപ്പന്റെ തിടമ്പ്, കൊടി, നെറ്റിപ്പട്ടം എന്നിവയാണ് എഴുന്നള്ളത്തിൽ ഉപയോഗിക്കുന്നത്. വാദ്യമേളങ്ങളുടേയും ദീപങ്ങളുടേയും അകമ്പടിയോടെ എഴുന്നള്ളത്ത് പതിനെട്ടാംപടിയിലെത്തി നിൽക്കുമ്പോൾ നായാട്ടുവിളി നടത്തും. ശ്രീ അയ്യപ്പചരിതം പ്രത്യേക ഈണത്തിൽ ചൊല്ലുന്നതാണ് നായാട്ടുവിളി. ആചാരപ്രകാരം ഇതിനുള്ള അവകാശം രാമചന്ദ്ര സ്വാമിക്കും കുടുംബത്തിനുമാണ്. എഴുന്നള്ളത്ത് തിരിച്ചെത്തുമ്പോൾ മാളികപ്പുറം മേൽശാന്തി, അരവണ നിവേദ്യവും ഉണ്ണിയപ്പവും കളത്തിൽ നിവേദിക്കും. തുടർന്ന് കേശാദിപാദം പാടി കളം മായ്ക്കും.

മകരവിളക്കിന്റെ ര ാം ദിവസം അമ്പലപ്പുഴ സംഘം, ആലങ്ങാട് യോഗം എന്നിവ നടത്തുന്നതും മേൽപ്പറഞ്ഞവയും ഉൾപ്പടെ, ആകെ ഏഴ് എഴുന്നള്ളത്തുകളാണ് മാളികപ്പുറത്തുനിന്നും നടത്തുന്നത്.

(പി.ആർ. ശബരി 483)

## കളഞ്ഞുകിട്ടിയ കാർഡുകൾ അയയ്ച്ചുകൊടുത്തു

ശബരിമല: ഈവർഷത്തെ ശബരിമല തീർഥാടനം തുടങ്ങിയത് മുതൽ ശബരിമല സന്നിധാനത്ത് നിന്നും, പരിസരപ്രദേശങ്ങളിൽ നിന്നും അയ്യപ്പഭക്തന്മാർക്ക് കൈമോശം വന്ന കാർഡുകളിൽ നടപ്പന്തലിലെ പബ്ലിസിറ്റി ആന്റ് ഇൻഫർമേഷൻ ഓഫീസിൽ ലഭിച്ചവ അതാത് അയ്യപ്പഭക്തന്മാരുടെ അഡ്രസ്സിലേയ്ക്ക് അയയ്ച്ചുകൊടുത്തു.

ആധാർ, പാൻകാർഡുകൾ, ഇലക്ഷൻ തിരിച്ചറിയൽ കാർഡുകൾ, ഡ്രൈവിങ് ലൈസൻസുകൾ, വിവിധവകുപ്പുകളിൽ നിന്നുള്ള തിരിച്ചറിയൽ കാർഡ്, വിവിധ ബാങ്കുകളുടെ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ തുടങ്ങി നൂറോളം കാർഡുകളാണ് സന്നിധാനം പോസ്റ്റ് ഓഫീസ് അയച്ചതെന്ന് ദേവസ്വം പി.ആർ.ഒ. മുരളി കോട്ടയ്ക്കകം അറിയിച്ചു.

(പി.ആർ. ശബരി 484)

# 70 കേസുകൾ 2.86 ലക്ഷം പിഴയീടാക്കി

ശബരിമല: മണ്ഡല-മകരവിളക്ക് മഹോത്സവ കാലയളവിൽ ശബരിമല സന്നിധാനത്ത് ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ വിവിധവകുപ്പുകൾ ഹോട്ടലുകൾ, കടകൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ ക ത്തിയ ക്രമക്കേടുകളിൽ 70 കേസുകളിലായി 2,86,500 രൂപ പിഴ ഇനത്തിൽ ഈടാക്കി.

സന്നിധാനത്തും പരിസരത്തും ഒൻപത് ടീമുകളായി തിരിച്ച് ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ 300 ശുചീകരണ തൊഴിലാളികൾ ശുചീകരണപ്രവർത്തനങ്ങൾ നടത്തി. ജില്ലാ ഭരണകൂടത്തിന്റെ നിർദേശങ്ങൾക്ക് അനുസൃതമായി എല്ലാ വിഭാഗങ്ങളെയും ഏകോപിപ്പിച്ച് പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടു ്. സന്നിധാനത്ത് ലോട്ടറി കച്ചവടം, ഭിക്ഷാടനം നടത്തിയവർ എന്നിവരെ പോലീസിന് കൈമാറിയിട്ടു ്.

ഡ്യൂട്ടി മജിസ്ട്രേറ്റ് എസ് സന്തോഷ്കുമാർ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ശങ്കരൻനമ്പൂതിരി, ഡെപ്യൂട്ടി തഹസിൽദാർ കെ സി സുനിൽകുമാർ, ബാബു കെ ജോർജ്, ഇൻസ്പെക്ടർ ലീഗൽ മെട്രോളജി യു കെ സുനിൽകുമാർ, അസിസ്റ്റന്റ് ലീഗൽ മെട്രോളജി ഓഫീസർ പി യു തുളസീരാജ്, വില്ലേജ് ഓഫീസർ ബാലകൃഷ്ണൻ, ഹെൽത്ത് ഇൻസ്പെക്ടർ അനിൽകുമാർ, റേഷനിങ് ഇൻസ്പെക്ടർ എൻ ജയകുമാർ എന്നിവർ സ്ക്വാഡ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

(പി.ആർ. ശബരി 485)



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 19 | 2018 |
| --- | --- |



**ശബരിമല പത്രക്കുറിപ്പ്-2**


മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com


# വിശുദ്ധി സേനാംഗങ്ങളുടെ സേവനം മഹനീയ മാതൃക: മന്ത്രി മാത്യു ടി. തോമസ്

ശബരിമലയിലും പരിസര പ്രദേശങ്ങളിലും മണ്ഡല മകരവിളക്ക് കാലയളവിൽ അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്ന വിശുദ്ധി സേനാംഗങ്ങളുടെ സേവനം മഹനീയ മാതൃകയാണെന്ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി. തോമസ് പറഞ്ഞു. പമ്പ ആഞ്ജനേയ ഓഡിറ്റോറിയത്തിൽ വിശുദ്ധി സേവനത്തിന്റെ 25 വർഷം പൂർത്തിയാക്കിയ സാനിറ്റേഷൻ സൊസൈറ്റിയുടെ സേനാംഗങ്ങളെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഏറ്റവും മികച്ച രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ വിശുദ്ധി സേനാംഗങ്ങൾക്ക് നാടിന്റെ എല്ലാ ആദരവും അർപ്പിക്കുന്നതായി മന്ത്രി പറഞ്ഞു. 1995 മുതൽ ശബരിമലയും പരിസര പ്രദേശങ്ങളും മാലിന്യ മുക്തമായി നിലനിർത്തുന്നതിന് ഉത്സവകാലങ്ങളിൽ അഹോരാത്രം പ്രവർത്തിക്കുന്ന ഇവരുടെ സേവനം വിലമതിക്കാനാവാത്തതാണ്. 25 വർഷത്തെ പ്രവർത്തനത്തിനിടയിൽ വിശുദ്ധി സേനയ്ക്ക് ഗുണപരമായ ഏറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. തുച്ഛമായ വേതനമല്ല വിശുദ്ധി സേനാംഗങ്ങളായി എത്തുന്നതിന് ഇവരെ പ്രേരിപ്പിക്കുന്നത്. ഭക്തിയോടെ നിർവഹിക്കുന്ന ഒരു പുണ്യകർമ്മം എന്ന നിലയിലാണ് ബിരുദാനന്തര ബിരുദം വരെയുള്ള വിശുദ്ധി സേനാംഗങ്ങൾ ശബരിമലയിലേക്ക് എത്തുന്നത്. കോടിക്കണക്കിന് തീർഥാടകർ എത്തുന്ന ശബരിമലയിലെ മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിന് 25 വർഷങ്ങൾക്ക് മുൻപ് ദീർഘവീക്ഷണത്തോടെ ശബരിമല സാനിറ്റേഷൻ സൊസൈറ്റി എന്ന പ്രസ്ഥാനത്തിന് രൂപം കൊടുത്ത അന്നത്തെ ജില്ലാ

കളക്ടറായിരുന്ന കെ.ബി. വത്സലകുമാരിയുടെ പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണെന്നും മന്ത്രി പറഞ്ഞു.

ജലസുരക്ഷ, കൃഷി, മാലിന്യ നിർമാർജനം ഇവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഹരിതകേരളം പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ് സംസ്ഥാനത്തെ മാലിന്യമുക്തമാക്കുകയെന്നത്. ഇത്തവണത്തെ ശബരിമല തീർഥാടനം കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിന് ജില്ലാ ഭരണകൂടത്തിനും ദേവസ്വം ബോർഡിനും കഴിഞ്ഞു. ഒരു വകുപ്പിനെ കുറിച്ചു പോലും പരാതികൾ ഇല്ലാതെയാണ് തീർഥാടനകാലം കടന്നു പോയത്. ജില്ലയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്ന കാര്യത്തിൽ ജില്ലാ കളക്ടർ ആർ.ഗിരിജ നടത്തിയ പരിശ്രമം ഏറെ വിലപ്പെട്ടതായിരുന്നെന്നും മന്ത്രി പറഞ്ഞു. ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്ക് പുതുതായി രൂപകൽപ്പന ചെയ്ത ലോഗോയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു. ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ സ്ഥാപക ചെയർപേഴ്സണായിരുന്ന മുൻ കളക്ടർ കെ.ബി. വത്സലകുമാരിയെ ചടങ്ങിൽ മന്ത്രി പൊന്നാടയണിയിച്ച് ആദരിച്ചു.

കേരളത്തെക്കാൾ വൃത്തിയാണ് ഇന്ന് ശബരിമലയിലുള്ളതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച രാജു ഏബ്രഹാം എംഎൽഎ പറഞ്ഞു. വിശുദ്ധി സേനാംഗങ്ങളുടെ നിസ്വാർഥമായ പ്രവർത്തനത്തിലൂടെയാണ് ഇതു നേടിയെടുക്കാൻ കഴിഞ്ഞത്. വിശുദ്ധി സേനാംഗങ്ങളുടെ പ്രവർത്തനം തുടങ്ങുന്നതിന് 25 വർഷം മുൻപ് സന്നിധാനത്തെയും പമ്പയിലെയും സ്ഥിതി ഏറെ ദയനീയമായിരുന്നു. 1995ൽ 125 സേനാംഗങ്ങളുമായി പ്രവർത്തനം ആരംഭിച്ച് ഇന്ന് 800 സേനാംഗങ്ങൾ പ്രവർത്തിക്കുന്ന വിശുദ്ധി സേനയുടെ പ്രവർത്തനങ്ങൾ ശബരിമലയുടേയും പമ്പയുടേയും മുഖച്ഛായ തന്നെ മാറ്റി. കോടിക്കണക്കിന് തീർഥാടകർ ദർശനം നടത്തി കടന്നു പോകുന്ന ഒരു സ്ഥലത്ത് ഉണ്ടാകാവുന്ന യാതൊരു മാലിന്യങ്ങളും ഇന്ന് സന്നിധാനത്തോ, പമ്പയിലോ കാണാനില്ല. തീർഥാടന കാലം തുടങ്ങുന്നതിന് മുൻപ് ഈ സ്ഥലം എങ്ങനെയായിരുന്നോ അതേ അവസ്ഥ നിലനിർത്തുവാൻ കഴിഞ്ഞുവെന്നത് വിശുദ്ധി സേനംഗങ്ങളുടെ പ്രവർത്തനങ്ങളുടെ ഫലമാണ്. നിസ്വാർഥ സേവനം നടത്തുന്ന വിശുദ്ധി സേനാംഗങ്ങളെ എത്തിക്കുന്നതിൽ അയ്യപ്പ സേവാ സംഘം വർഷങ്ങളായി നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ ശ്ലാഘനീയമാണ്. നാമമാത്രമായ പ്രതിഫലം ഉദ്ദേശിച്ചല്ല വിശുദ്ധി സേനാംഗങ്ങൾ സേവനത്തിനെത്തുന്നതെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ടുതന്നെ ഇവരുടെ പ്രവർത്തനങ്ങൾ ഏറെ ആദരവ് അർഹിക്കുന്നതായും എംഎൽഎ പറഞ്ഞു.

ശബരിമലയും പമ്പയും വിശുദ്ധമായി സൂക്ഷിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന വിശുദ്ധി സേനാംഗങ്ങളുടെ പ്രവർത്തനങ്ങൾ മറ്റ് ഏതു വകുപ്പിന്റെ പ്രവർത്തനങ്ങളെക്കാളും മഹത്തരമാണെന്ന് ജില്ലാ കളക്ടർ ആർ. ഗിരിജ പറഞ്ഞു. ഏറ്റവും ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളിലും തീർഥാടകരുടെ അനിയന്ത്രിതമായ തിരക്കുണ്ടാകുന്ന സാഹചര്യങ്ങളിലും പരാതികൾക്ക് ഇടനൽകാത്ത വിധം ശബരിമലയിലെയും പമ്പയിലെയും മുക്കും മൂലയും ഏറ്റവും ശുചിയായി സൂക്ഷിക്കുന്നതിന് വിശുദ്ധി സേനാംഗങ്ങൾക്ക് കഴിഞ്ഞിരുന്നു. വിവിധ മേഖലകളായി തിരിച്ച് റവന്യു,

ആരോഗ്യ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് വിശുദ്ധി സേനാംഗങ്ങളെ നിയോഗിച്ചിരുന്നത്. സൂപ്പർവൈസർമാർ നൽകുന്ന നിർദേശങ്ങൾക്കനുസരിച്ച് രാപകൽ വ്യത്യാസമില്ലാതെ ശുചീകരണം നടത്തിയ ഇവരുടെ പ്രവർത്തനങ്ങൾ രാജ്യത്തിനാകെ മാതൃകയാണെന്നും കളക്ടർ പറഞ്ഞു.

ഈവർഷത്തെപ്പോലെ ശബരിമല ശുചിയായി കണ്ട മറ്റൊരു കാലം ഉണ്ടായിട്ടില്ലെന്ന് പല കോണുകളിൽ നിന്നും കേൾക്കുവാൻ ഇടയായതായി മുഖ്യാതിഥിയായയിരുന്ന ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ പറഞ്ഞു. ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെയും അയ്യപ്പ സേവാ സംഘത്തിന്റെയും നിസ്വാർഥമായ പ്രവർത്തനങ്ങളാണ് ഇത്തരത്തിൽ തീർഥാടക സൗഹൃദമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ദേവസ്വം ബോർഡിനെ സഹായിച്ചത്. എല്ലാ വകുപ്പുകളെയും കൂട്ടിയിണക്കുന്നതിന് ജില്ലാ കളക്ടർ നടത്തിയ ശ്രമങ്ങളും മുഖ്യമന്ത്രിയുടെയും ദേവസ്വം മന്ത്രിയുടെയും മറ്റ് എല്ലാ വകുപ്പ് മന്ത്രിമാരുടെയും അകമഴിഞ്ഞ പിന്തുണയുമാണ് ചരിത്രത്തിൽ ഇടംപിക്കത്തക്കവിധം ഈ വർഷത്തെ തീർഥാടന കാലം ഭംഗിയായി പൂർത്തിയാക്കുന്നതിന് സഹായിച്ചതെന്നും പ്രസിഡന്റ് പറഞ്ഞു.

ദേവസ്വം ബോർഡ് അംഗങ്ങളായ കെ. രാഘവൻ, കെ.പി.ശങ്കരദാസ്, ശബരിമല സാനിറ്റേഷൻ സൊസൈറ്റി സ്ഥാപക ചെയർപേഴ്സൺ കെ.ബി. വത്സല കുമാരി, എഡിഎം അനു.എസ്. നായർ, ആർഡിഒമാരായ എം.എ. റഹിം, ടി.കെ. വിനീത്, വാർഡ് മെമ്പർ രാജൻ വെട്ടിക്കൽ, അയ്യപ്പസേവാ സംഘം ജനറൽ സെക്രട്ടറി എൻ. വേലായുധൻ നായർ, ദേവസ്വം ബോർഡ് ചീഫ് എൻജിനീയർ വി. ശങ്കരൻ പോറ്റി, ബാങ്ക് ഓഫ് ബറോഡ ഡെപ്യൂട്ടി ജനറൽ മാനേജർ ആർ. ഗായത്രി, ജില്ലാ മെഡിക്കൽ ഓഫീസർ എ.എൽ. ഷീജ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ എൽ. അനിതകുമാരി, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ പി.ടി. ഏബ്രഹാം, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ, വിശുദ്ധി സേനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## ***വിശുദ്ധി സേവനത്തിന്റെ 25 വർഷം; 21 വിശുദ്ധി സേനാംഗങ്ങൾക്ക് പ്രത്യേക ആദരവ്***

ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ കീഴിൽ വിശുദ്ധി സേനാംഗങ്ങളായി തുടർച്ചയായി 25 വർഷം സേവനം പൂർത്തിയാക്കിയ തമിഴ് നാട്ടിൽ നിന്നുള്ള 21 വിശുദ്ധി സേനാംഗങ്ങൾക്ക് ജില്ലാ ഭരണകൂടത്തിന്റെ ആദരം. പമ്പ അഞ്ജനേയ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രി മാത്യു ടി തോമസാണ് 25 വർഷം പൂർത്തിയാക്കിയ വിശുദ്ധി സേനാംഗങ്ങളെ ഷാളണിയിച്ചും പ്രത്യേക ഉപഹാരം നൽകിയും ആദരിച്ചത്. അയ്യപ്പസേവാ സംഘത്തിന്റെ തമിഴ്നാട് ഘടകത്തിന്റെ ചുമതലയിൽ 25 വർഷമായി

വിശുദ്ധി സേനാംഗങ്ങളായി സേവനമനുഷ്ഠിക്കുന്ന രാജു, പെരിയ സ്വാമി, ഗോവിന്ദൻ, ചിന്നപ്പയ്യൻ, കരുമലൈ, രാമലിംഗം, ശിങ്കാരവേൽ, ഷൺമുഖ സുന്ദരം, കണ്ണൻ, നടരാജൻ, തിരുപ്പതി, ജയരാമൻ, അങ്കമുത്തു, കറുപ്പയ്യൻ, തങ്കരാജു, രാമസ്വാമി, മുത്തുപ്പാണ്ടി, പെരിയ സ്വാമി, കന്തസ്വാമി, സെൽവകുമാർ, ഗോവിന്ദൻ എന്നീ വിശുദ്ധി സേനാംഗങ്ങൾക്കാണ് പ്രത്യേക ആദരവ് നൽകിയത്. ഇത്തവണ വിശുദ്ധി സേനാംഗങ്ങളായി പമ്പ, സന്നിധാനം, നിലയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ സേവനം അനുഷ്ഠിച്ച എല്ലാ അംഗങ്ങൾക്കും ചടങ്ങിനോട് അനുബന്ധിച്ച് ഉപഹാരങ്ങൾ നൽകി.

പത്തനംതിട്ട ജില്ലാ കളക്ടർ ചെയർമാനും അടൂർ റവന്യു ഡിവിഷണൽ ഓഫീസർ മെമ്പർ സെക്രട്ടറിയുമായി 1995 ൽ ആണ് ശബരിമല സാനിറ്റേഷൻ സൊസൈറ്റി രൂപീകരിച്ചത്. തീർഥാടകർക്ക് മികച്ച സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക, വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പു വരുത്തുന്നതിന് തീർഥാടകർക്ക് അവബോധം നൽകുക, തീർഥാടന കാലയളവിൽ വിശുദ്ധി സേനയെന്ന പേരിൽ ശബരിമലയും പമ്പയും മാലിന്യമുക്തമാക്കുന്നതിന് തൊഴിലാളികളെ എത്തിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സാനിറ്റേഷൻ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചത്. 1995ൽ പത്തനംതിട്ട ജില്ലാ കളക്ടറായിരുന്ന കെ.ബി. വത്സലകുമാരി ആയിരുന്നു ആദ്യ ചെയർപേഴ്സൺ. അടൂർ ആർഡിഒ ആയിരുന്ന കെ.വി. മോഹൻകുമാർ ആയിരുന്നു അദ്യ മെമ്പർ സെക്രട്ടറി. 125 വിശുദ്ധി സേനാംഗങ്ങളുമായാണ് സാനിറ്റേഷൻ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചത്. 25 വർഷം പിന്നിടുമ്പോൾ 800 സേനാംഗങ്ങളാണ് സൊസൈറ്റിയുടെ കീഴിൽ ശുചീകരണത്തിനായി പ്രവർത്തിക്കുന്നത്. അയ്യപ്പ സേവാ സംഘത്തിന്റെ തമിഴ്നാട് ഘടകത്തിന്റെ പുർണ ചുമതലയിലാണ് വിശുദ്ധി സേനാംഗങ്ങളെ എല്ലാ വർഷവും ശബരിമലയിൽ എത്തിക്കുന്നത്.

ഈ വർഷം സന്നിധാനത്ത് 300 പേരും പമ്പയിൽ 315 പേരും നിലയ്ക്കലി ൽ 150 പേരും പന്തളത്ത് 25 പേരും കുളനടയിൽ 10 പേരുമാണ് സേവനം നടത്തിയത്. പമ്പ, സന്നിധാനം പ്രദേശങ്ങൾ 27 സെഗ്മെന്റുകളായി തിരിച്ച് 10 മുത ൽ 40 വരെയുള്ള വിശുദ്ധി സേനാംഗങ്ങളുടെ നേതൃത്വത്തിലാണ് കാര്യക്ഷമമായ പ്രവർത്തനം നടത്തിയത്. വിശുദ്ധി സേനാംഗങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ശുചീകരണത്തിന് പുറമേ മിഷൻ ഗ്രീൻ ശബരിമലയുടെ ഭാഗമായി വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിലുള്ള ശുചീകരണങ്ങളും കുറെ വർഷങ്ങളായി ശബരിമലയിൽ നടന്നുവരുന്നുണ്ട്. വിശുദ്ധി സേനാംഗങ്ങളുടെ ഓണറേറിയം ഇപ്പോൾ ബാങ്ക് വഴിയാണ് വിതരണം ചെയ്യുന്നത്. സേവനത്തിനെത്തിയ 800 വിശുദ്ധി സേനാംഗങ്ങളുടെയും പേരിൽ ബാങ്ക് ഓഫ് ബറോഡയിൽ പ്രത്യേക അക്കൗണ്ട് തുറന്നിരുന്നു. സേനാംഗങ്ങൾക്കുള്ള യൂണിഫോം ഉൾപ്പെടെയുള്ള കാര്യങ്ങൾ സാനിട്ടേഷൻ സൊസൈറ്റിയാണ് നൽകുന്നത്. ഇവർക്കുള്ള താമസം, ഭക്ഷണം എന്നിവ ദേവസ്വം ബോർഡ് നൽകുന്നുണ്ട്.

അയ്യപ്പസേവനം ഒരു വ്രതനിഷ്ഠംപോലെ ഏറ്റെടുത്ത് ശബരിമല ശുചീകരണത്തിനായി എല്ലാവർഷവും എത്തുന്ന ഇവരുടെ പ്രവർത്തനങ്ങൾ ഏറെ വിലപ്പെട്ടതാണ്. ഉന്നത ബിരുദധാരികൾ മുതൽ പഞ്ചായത്ത് അംഗങ്ങൾ വരെ ശുചീകരണ പ്രവർത്തനങ്ങൾക്കായി എത്താറുണ്ട്.

പരിസ്ഥിതി സംരക്ഷണത്തിൽ കനപ്പെട്ട സംഭാവനകൾ നൽകുന്ന ഇവരുടെ പ്രവ ർത്തനങ്ങൾക്ക് അംഗീകാരമെന്ന നിലയിലാണ് 25 ാം വർഷത്തിലേക്ക് കടക്കുന്ന ശബരിമല സാനിട്ടേഷൻ സൊസൈറ്റി വിശുദ്ധി സേനാംഗങ്ങളെ ആദരിച്ചത്.



കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | |
|---|---|
| JANUARY **19** | **2018** |

ശബരിമല പത്രക്കുറിപ്പ്-3



മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

---

# മുൻകരുതലുകളും ഏകോപനവും ശബരിമല തീർഥാടനം മികച്ചതാക്കി- മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ശബരിമല: സംസ്ഥാന സർക്കാർ കൈക്കൊ മുൻകരുതലുകളും തിരുവിതാംകൂർ ദേവസ്വം ബോർഡും പത്തനംതിട്ട ജില്ലാ ഭരണകൂടവും വിവിധ സർക്കാർ വകുപ്പുകളും ഏകോപിച്ചു നടത്തിയ പ്രവർത്തനങ്ങളും ഇ ത്തവണ ശബരിമല തീർഥാടനം മികച്ചതാക്കി മാറ്റിയതായി ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. തീർഥാടന കാലം പരാതിരഹിതമായും അത്യാഹിതങ്ങളില്ലാതെയും പൂർത്തിയാക്കാനായതിൽ സന്തോഷമു െ ന്നും മന്ത്രി പറഞ്ഞു.

അയ്യായിരത്തോളം പോലീസ് ഉദ്യോഗസ്ഥരുടെ സേവനവും വൈദ്യുതി, ജല അതോറിറ്റി, ആരോഗ്യവകുപ്പ് ജീവനക്കാരുടെ സഹകരണവും എടുത്തുപറയേ താണ്. സന്നിധാനത്തെ പുതിയ ആശുപത്രി കെട്ടിടം ശബരിമല സീസണിന് മുന്നോടിയായി ഉദ്ഘാടനം ചെയ്തതോടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ തീർഥാടകർക്ക് ലഭിച്ചു. ഇതുകൂടാതെ നീലിമലയിൽ പ്രവർത്തിക്കുന്ന കാർഡിയോളജി സെൻററിലും മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താനായി. തീർഥാടകരുടെ ഭാഗത്തുനിന്നും എല്ലാ പിന്തുണയും ലഭിച്ചത് തീർഥാടനം സുഗമമായി നടത്താൻ സഹായിച്ചുവെന്നും മന്ത്രി വ്യക്തമാക്കി. ശുചിത്വത്തിന് പ്രാധാന്യം നല്കിയ തീർഥാടന കാലമായിരുന്നു ഇത്തവണത്തേത്. അപ്പവും അരവണയും

അടക്കമുള്ള പ്രസാദങ്ങൾ ആവശ്യാനുസരണം ഭക്തർക്ക് ലഭ്യമാക്കി. ശബരിമല ശ്രീ ധർമ്മശാസ്താക്ഷേത്രത്തിലെ മണ്ഡല മകരവിളക്ക് തീർഥാടന കാലം മികച്ച രീതിയിൽ, തികച്ചും ഭംഗിയായി പൂർത്തിയാക്കാൻ സംസ്ഥാന സർക്കാറിനും, ദേവസ്വം ബോർഡിനും സാധിച്ചുവെന്നത് എല്ലാവരും അംഗീകരിച്ച കാര്യമാണ്. അടുത്ത തീർഥാടന കാലത്തേക്കുള്ള ഒരുക്കങ്ങൾ ഫെബ്രുവരി മാസം ആരംഭിക്കുമെന്നും ദേവസ്വം മന്ത്രി അറിയിച്ചു.

(പി.ആർ. ശബരി 487)

## മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് ശുഭപര്യവസാനം: മേൽശാന്തി

ശബരിമല: ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ മണ്ഡല-മകരവിളക്ക് മ ഹോത്സവം വളരെ ഭംഗിയായി സമാപിച്ചതായി ശബരിമല മേൽശാന്തി എ.വി. ഉണ്ണികൃഷ്ണൻ നമ്പൂതിരി. എല്ലാ സർക്കാർ വകുപ്പുകളും നന്നായി സഹകരിച്ച് പ്രവർത്തിച്ചു. ശബരിമലയിൽ സർക്കാരിന്റെ പ്ലാസ്റ്റിക് നിർമ്മാർജ നവുമായി ഭക്തജനങ്ങൾ പ്രതികരിക്കുന്നുവെന്നത് സ്പഷ്ടമാണ്. ശുചീകര ണ പ്രവർത്തനം ഭംഗിയായി നടന്നു.

പ ുകാലത്ത് കഠിനവ്രതത്തിന്റെ പശ്ചാത്തലത്തിലാണ് ഭക്തജനങ്ങൾ ശബരിമല ദർശനം നടത്താറ്. കാലഘട്ടം കൊ ് മാറ്റങ്ങൾ വന്നെങ്കിലും ഭ ക്തർ കഴിയുന്നതും വ്രതമെടുത്ത് വേണം ദർശനത്തിനെത്താൻ. കഴിയുന്നത്ര നല്ല സാധനങ്ങൾ ഇരുമുടിക്കെട്ടിൽ കൊ ുവരാൻ ശ്രദ്ധിക്കണം. കാനന ക്ഷേത്രമായ ശബരിമലയിലേയ്ക്ക് പ്ലാസ്റ്റിക് സാധനങ്ങൾ കൊ ുവരാതിരി ക്കുക. പമ്പയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നത് ഇതരസംസ്ഥാനങ്ങളിൽ ആ ചാരമായിരിക്കാമെങ്കിലും അത് കേരളത്തിലെ ആചാരമല്ല. പമ്പ ഉൾപ്പടെ എല്ല നദികളും മലിനമാകാതെ സംരക്ഷിക്കേ ത് നമ്മുടെ കടമയാണെന്നും അദ്ദേ ഹം പറഞ്ഞു.

(പി.ആർ. ശബരി 488)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.